Draft #31 of File 16838/ADA7-1/2026/AD A 7 Approved by ASSISTANT REGISTRAR II (ADMIN) on 12-Oct-2026 04:44 PM - Page 1

മഹാത്മാഗാന്ധി സർവകലാശാല, കേരളം

<u>സംഗ്രഹം</u>

ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാം (ITEP) - അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് (ഇംഗ്ലീഷ്, ഹിന്ദി, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, ജിയോഗ്രഫി) - നിലവിലുള്ള റാങ്ക് ലിസ്റ്റ് താത്കാലികമായി മരവിപ്പിക്കുന്നത് - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണ വിഭാഗം എ 7 സെക്ഷൻ

നമ്പർ. 8998/AD A 7/2026/എം.ജി.യു　　　　　　　　പ്രിയദർശിനി ഹിൽസ്,തീയതി: 13.10.2026

പരാമർശം:-1. റാങ്ക് ലിസ്റ്റ് - വിജ്ഞാപനം നം 16838/AD A 7-1/2026/AD A 7, തീയതി : 11.03.2026

2. റാങ്ക് ലിസ്റ്റ് - വിജ്ഞാപനം നം 16838/AD A 7-1/2026/AD A 7, തീയതി : 30.05.2026

3. ITEP വകുപ്പ് മേധാവിയുടെ 19.06.2026 തീയതിയിലെ ഇമെയിൽ സന്ദേശം

4. 08.09.2026 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം 77/26.09/16838/AD A 7-1/2026 എ.ഡി.എ 7

<u>ഉത്തരവ്</u>

മഹാത്മാഗാന്ധി സർവകലാശാലയിൽ 2026-27 അധ്യയന വർഷം ആരംഭിക്കാനിരുന്ന ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാം (ITEP) - ലേക്ക് അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് (ഇംഗ്ലീഷ്, ഹിന്ദി, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, ജിയോഗ്രഫി) എന്ന താത്കാലിക തസ്തികയിലേക്ക് നിയോഗത്തിനായി പരാമർശം (1), (2) പ്രകാരം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ 2027-28 അധ്യയന വർഷം മുതൽ മാത്രമേ പ്രസ്തുത പ്രോഗ്രാം സർവകലാശാലയിൽ ആരംഭിക്കാൻ നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (NCTE) -ൽ നിന്നും അനുമതി ലഭ്യമായിട്ടുള്ളു എന്നതിനാൽ നിലവിലുള്ള റാങ്ക് ലിസ്റ്റ് താത്കാലികമായി മരവിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ITEP, വകുപ്പ് മേധാവി പരാമർശം (3) പ്രകാരം കത്ത് സമർപ്പിച്ചിരുന്നു. പ്രസ്തുത വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും, ആയതിന്മേൽ 08.09.2026 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം കൈകൊണ്ട പരാമർശം (4) പ്രകാരമുള്ള തീരുമാനം ചുവടെ ചേർക്കുന്നു.

"മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ആരംഭിക്കാനിരിക്കുന്ന Integrated Teacher Education Programme (ITEP) -ലേക്കുള്ള അസിസ്റ്റന്റ്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് എന്ന താൽക്കാലിക തസ്തികയിലേക്ക് ഇംഗ്ലീഷ്, ഹിന്ദി, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, ജിയോഗ്രഫി എന്നീ വിഷയങ്ങളിൽ 2026-27 അക്കാദമിക വർഷത്തേക്ക് പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് ഈ അധ്യയന വർഷത്തേക്ക് മരവിപ്പിക്കാൻ തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജയലക്ഷ്മി പി ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വകുപ്പ് മേധാവി, ITEP
2.. വൈസ് ചാൻസലറുടെ പി. എസ്
3. രജിസ്ട്രാറുടെ /ഫിനാൻസ് ഓഫീസറുടെ/പരീക്ഷ കൺട്രോളറുടെ പി. എ
4. എ.സി.സി 1 / ആക്ഷൻ ടേക്കൺ റിപ്പോർട്ട്
5. ജോയിന്റ് രജിസ്ട്രാർ 1 (ഭ.വി.)/ ഡെപ്യൂട്ടി രജിസ്ട്രാർ 2 (ഭ വി)/ അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭ വി)
6. എ.സി.എ 18
7. ജോയിന്റ് ഡയറക്ടർ, KSAD
8. റെക്കോർഡ്സ് സെക്ഷൻ /വെബ് സൈറ്റ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #31 of File 16838/ADA7-1/2026/AD A 7 Approved by ASSISTANT REGISTRAR II (ADMIN) on 12-Oct-2026 04:44 PM - Page 2

The document is digitally approved. Hence signature is not needed.